**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5320** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യം ഇനത്തിൽ നിലവിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ട് ; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (എ) | നിലവിൽ പെൻഷൻ ആനുകൂല്യമായ ഡി.സി.ആർ.ജി., സി.വി.പി. ഇനത്തിൽ 1,057 ജീവനക്കാർക്ക് 82.3 കോടി രൂപയും, പ്രോവിഡന്റ് ഫണ്ട് ക്ലോഷർ ഇനത്തിൽ 1,166 ജീവനക്കാർക്ക് 43.31 കോടി രൂപയും ലീവ് സറണ്ടർ ഇനത്തിൽ 1,877 ജീവനക്കാർക്ക് 32.51 കോടി രൂപയും കുടിശ്ശികയുണ്ട്. |
| (ബി) | വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിക്കാതെ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ;വിശദാംശം നൽകുമോ; | (ബി) | വിരമിക്കൽ ആനുകൂല്യങ്ങൾ കൈപ്പറ്റാതെ 19 പേർ മരണപ്പെട്ടിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർക്കുന്നു). |
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി.യിലുള്ള സ്ഥിരം ജീവനക്കാർ, പെൻഷൻകാർ, കരാർ തൊഴിലാളികൾ, സ്വിഫ്റ്റിലെ ജീവനക്കാർ എന്നിവരുടെ എണ്ണം ലഭ്യമാക്കാമോ? | (സി) | നിലവിൽ 2025 മാർച്ച് മാസത്തിലെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും എണ്ണം ചുവടെ ചേർക്കുന്നു.<br><br>സ്ഥിരം ജീവനക്കാർ- 23684 എണ്ണം<br>പെൻഷൻകാർ - 42280 എണ്ണം<br>കരാർ ജീവനക്കാർ - 11 എണ്ണം<br><br>G.O.(Ms) നമ്പർ 7/2021/TRANS തീയതി 19.02.2021 പ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപീകരണത്തിന്റെ ഭാഗമായി, പ്രൊഫഷണൽ സീനിയർ മാനേജർമാരുടെ തലത്തിൽ 5 തസ്തികകൾ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ സൃഷ്ടിച്ചു. ടി തസ്തികയിൽ ഒന്ന് വീതം ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) എന്നിവരെ നിയമിച്ചിട്ടുണ്ട്.<br><br>ഇവ കൂടാതെ, താൽക്കാലിക കരാർ അടിസ്ഥാനത്തിൽ 1796 എണ്ണം ഡ്രൈവർ, കണ്ടക്ടർ, ഡ്രൈവർ കം കണ്ടക്ടർ വിഭാഗം ഓപ്പറേഷൻ സ്റ്റാഫുകളെ KSRTC-SWIFT-ൽ നിയമിക്കുകയും നിലവിൽ ജോലി ചെയ്യുകയും ചെയ്യുന്നു.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ, ആകെ 1798 ഉദ്യോഗസ്ഥരും ജീവനക്കാരും നിലവിൽ ജോലി ചെയ്ത് |

| | | | |
|---|---|---|---|
| | | | വരുന്നു.<br><br>കൂടാതെ, KSRTC-യിൽ നിന്നും working arrangement വ്യവസ്ഥയിൽ 14 എണ്ണം ഓപ്പറേറ്റിംഗ് / ഓഫീസ് / സൂപ്പർവൈസറി ജീവനക്കാരെ സ്വിഫ്റ്റിൽ വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമനമ്പർ | പേര് | വിരമിച്ച തീയതി | മരണപ്പെട്ട തീയതി | യൂണിറ്റ് |
|---|---|---|---|---|
| 1 | VARGHESE VARGHESE | 31/03/2024 | 06/12/2024 | THODUPUZHA |
| 2 | JOSEPH.T.M | | 02/04/2024 | TPM |
| 3 | ജയചന്ദ്രൻ.കെ | 30.04.2023 | 06.02.2025 | കാട്ടാക്കട |
| 4 | JOY PAUL | 31/07/2023 | 02/09/2024 | CWS |
| 5 | SUNILKUMAR S | 01/06/2023 | 18/02/2025 | PTA |
| 6 | PUSHPAN V K | 31/05/2023 | 30/07/2023 | ALP |
| 7 | CHANDRABOSE N K | 31/05/2024 | 26/10/2024 | ALP |
| 8 | SUNILKUMAR T | 30/06/2023 | 22/04/2024 | SBY |
| 9 | RAMESH KUMAR V | 31/05/2024 | 21/08/2024 | PPD |
| 10 | SREEKUMAR J | 31/05/2023 | 23/02/2024 | TVM CITY |
| 11 | MADHUSOODHANAN KALATHIL | 31/05/2024 | 27/01/2025 | KKD |
| 12 | RETNAKARAN C K | 30/04/2024 | 09/12/2024 | KNP |
| 13 | PRAKASH R | 31/05/2023 | 14/11/2023 | KMR |
| 14 | SIVASANKARAN B | 31/05/2023 | 18/07/2024 | PLR |
| 15 | BABU V A | 31/05/2024 | 22/07/2024 | PNK |
| 16 | RAVI N B | 31/05/2023 | 14/04/2024 | ANK |
| 17 | SANTHOSHKUMAR P S | 31/05/2024 | 15/09/2024 | ETP |
| 18 | PRAKASHAN C V | 30/04/2023 | 08/12/2024 | NPR |
| 19 | SATHYABABU N G | 31/05/2023 | 13/02/2024 | KPM |

Asst — Supdt 17/3/25 — Aparna 17/3/25 AO